**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഓണത്തിന് സൗജന്യ ഭക്ഷ്യക്കിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ളവയുടെ വിലക്കയറ്റം ഏഴര ശതമാനത്തിന് മേൽ ഉയർന്നുനിൽക്കുന്ന സാഹചര്യത്തിൽ വിലക്കയറ്റത്തിന്റെ ആഘാതം സാധാരണക്കാരിലേക്ക് എത്താതിരിക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ) | സപ്ലൈകോ വില്പനശാലകളിലൂടെ 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' എന്ന പേരിൽ പൊതു വിപണി വിലയിൽ നിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി 5600 കോടി രൂപ ചെലവാക്കി എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 13 തവണകളിലായി 11.5 കോടി സൗജന്യ ഭക്ഷ്യകിറ്റുകളാണ് കഴിഞ്ഞ 2 വർഷത്തിനിടെ വിതരണം ചെയ്തത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിന്റെ മെയ് മാസത്തിലെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് വിലക്കയറ്റം ഏറ്റവും ഫലപ്രദമായി പിടിച്ചു നിർത്തിയ സംസ്ഥാനമാണ് കേരളം. കേരളത്തിലെ ഉപഭോക്തൃ വില സൂചിക ഏപ്രിൽ മാസത്തിലെ 5.1 ൽ നിന്നും മെയ് മാസത്തിലെത്തുമ്പോൾ 4.82 ആയി കുറഞ്ഞിരിക്കുകയാണ്. ദേശീയ ശരാശരി 7.04 ആയിരിക്കെയാണ് കേരളത്തിന്റെ മികച്ച പ്രകടനം ശ്രദ്ധേയമാകുന്നത്. രാജ്യത്തെ മൊത്തവില സൂചികയെ അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റം മൂന്നു ദശാബ്ദത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 15.88 ശതമാനം എത്തിനില്ക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ വിലക്കയറ്റ സൂചിക 5.1 ശതമാനം മാത്രമാണ്. ദേശീയതലത്തിൽ വിലക്കയറ്റം കുതിച്ചുയരുമ്പോഴും കേരളത്തിൽ വിലക്കയറ്റം പിടിച്ചു നിർത്താനായത് സർക്കാർ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുകൊണ്ടാണ്. |
| (ബി) | ഉത്സവകാലത്തുണ്ടാകുന്ന അമിത വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഓണത്തിന് സൗജന്യ ഭക്ഷ്യക്കിറ്റ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. 01.08.2022 ലെ സ.ഉ.(സാധാ) നം. 273/2022/ഭ.പൊ.വി.വ നം. ഉത്തരവ് പ്രകാരം സൗജന്യ ഓണക്കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് 400 കോടി രൂപ അനുവദിച്ചു. പ്രസ്തുത തുക സപ്ലൈകോയ്ക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഭക്ഷ്യധാന്യക്കമ്മി നേരിടുന്ന സംസ്ഥാനത്ത് ടൈഡ് ഓവർ ഗോതമ്പ് വിഹിതം പുനഃസ്ഥാപിച്ച് ഭക്ഷ്യവില നിയന്ത്രണം സാധ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് മറുപടി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഭക്ഷ്യഭദ്രതാ നിയമപ്രകാരം 26835.124 മെ.ടൺ അരിയും 6459.074 മെ.ടൺ ഗോതമ്പും ഉൾപ്പെടെ 33294.198 മെ.ടൺ ഭക്ഷ്യധാന്യം ടൈഡ് ഓവർ വിഹിതമായി അനുവദിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് 2022 ജൂൺ മുതൽ ഗോതമ്പ് വിഹിതം കുറവ് ചെയ്യുകയും അരി വിഹിതം 33294.198 മെ.ടൺ ആയി ഉയർത്തുകയും ചെയ്തു. ഗോതമ്പ് കുറവ് വരുത്തിയെങ്കിലും പകരം അരി കൂടുതലായി അനുവദിച്ചിട്ടുള്ളതിനാൽ മൊത്തം അലോട്ട്മെന്റിൽ കുറവ് വന്നിട്ടില്ല. കൂടാതെ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള നോർമൽ വിഹിതത്തിലെ AAY, പ്രയോറിറ്റി വിഭാഗത്തിലെ ഗോതമ്പ് കുറവ് വരുത്തിയിട്ടില്ല. 15629.217 മെ.ടൺ ഗോതമ്പ് എ.എ.വൈ/പ്രയോറിറ്റി വിഭാഗത്തിനായി ലഭ്യമാകുന്നുണ്ട്. ടൈഡ് ഓവർ ഗോതമ്പ് നിർത്തലാക്കിയ നടപടി 2023 മാർച്ച് വരെയെന്നാണ് അറിയിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടി പുനഃപരിശോധിക്കണമെന്നും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിനുള്ള ഗോതമ്പ് വിഹിതം കുറയ്ക്കരുതെന്നും ആവശ്യപ്പെട്ട് കേന്ദ്ര |

| | | | |
|---|---|---|---|
| | | | പൊതുവിതരണ വകുപ്പ് മന്ത്രിയെ നേരിൽകണ്ട് നിവേദനം സമർപ്പിച്ചിരുന്നു.<br><br>മാനദണ്ഡങ്ങൾക്കനുസൃതമായി ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് ക്രമീകരിക്കുന്നത് ഉറപ്പ് വരുത്തുന്നതിനും ഫോർട്ടിഫൈഡ് അരിയുടെ വിതരണം ക്രമീകരിക്കുന്നതിനും ഭക്ഷ്യധാന്യവിതരണ പ്രക്രിയയിലെ സമ്മർദ്ദം ലഘൂകരിക്കുന്നതിനുമായാണ് ഇത്തരത്തിൽ ഗോതമ്പിന്റെ അളവ് ക്രമീകരിച്ചിട്ടുള്ളതെന്നാണ് കേന്ദ്ര സർക്കാരിൽ നിന്നും അറിയിച്ചിട്ടുള്ളത്. ഗോതമ്പ് കുറച്ചെങ്കിലും പകരം അരിയുടെ വിഹിതം വർദ്ധിപ്പിച്ചതിനാൽ മുൻഗണനേതര വിഭാഗത്തിനുള്ള പ്രതിമാസ വിതരണതോത് വർദ്ധിപ്പിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്. ടൈഡ് ഓവർ ഗോതമ്പിന്റെ അലോട്ട്മെന്റ് വെട്ടിക്കുറച്ച കേന്ദ്ര സർക്കാരിന്റെ നടപടി സംസ്ഥാനത്ത് ഗോതമ്പിന്റെ വിലവർദ്ധനവിന് കാരണമാവുകയും 57% വരുന്ന മുൻഗണനേതര വിഭാഗങ്ങൾക്ക് പൊതുവിതരണ സംവിധാനത്തിൽ നിന്നും ഗോതമ്പ് ലഭിക്കാത്ത സാഹചര്യവും സൃഷ്ടിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ വ്യാപകമായ കേരളത്തിൽ ഗോതമ്പിന്റെ ഉപഭോഗം കൂടി വരുന്ന സാഹചര്യത്തിൽ, കേന്ദ്ര സർക്കാരിന്റെ നടപടിയെ ഗൗരവമായി കാണേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ